**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 663** **30-01-2024 - ൽ മറുപടിയ്ക്ക്**

**ചിറയിൻകീഴ് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചിറയിൻകീഴ് മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ വ്യവസായ വാണിജ്യ വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>സംരംഭക സഹായ പദ്ധതി<br><br>28 യൂണിറ്റുകൾക്ക് 1,48,43,474/- രൂപ സബ്സിഡി അനുവദിച്ചു.<br><br>2. മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ് പദ്ധതി<br><br>40% സബ്സിഡിയോടു കൂടി 6 യൂണിറ്റുകൾ ആരംഭിച്ചു.<br><br>3. ഒരു കുടുംബം ഒരു സംരംഭം പദ്ധതി<br><br>22 യൂണിറ്റുകൾക്ക് 6% പലിശ ഇളവ് ലഭിച്ചു.<br><br>4. പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി<br><br>35%/25% സബ്സിഡിയോടു കൂടി 100 സംരംഭങ്ങൾ ആരംഭിച്ചു.<br><br>5. പ്രൈം മിനിസ്റ്റേഴ്സ് ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിങ് എന്റർപ്രൈസസ് പദ്ധതി.<br><br>35% സബ്സിഡിയോടുകൂടി 18 സംരംഭങ്ങൾ ആരംഭിച്ചു.<br><br>6. ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതത്തിൽ 75% സബ്സിഡിയോടുകൂടി 44 സംരംഭങ്ങൾ ആരംഭിച്ചു. കയർ മേഖലയിൽ തുടങ്ങിയ 36 സംരംഭങ്ങളും ഇതിൽ ഉൾപ്പെടുന്നു.<br><br>7. പുതിയ സംരംഭകരെ കണ്ടെത്തുന്നതിനായും നിലവിലെ സംരംഭകർക്ക് പുത്തനാശയങ്ങൾ |

| | | | |
|---|---|---|---|
| | | | കൊടുക്കുന്നതിനുമായി ബ്ലോക്ക് തലത്തിൽ 3 തവണ സംരംഭകത്വ ബോധവൽക്കരണ ശില്പശാലയും, എല്ലാ പഞ്ചായത്തുകളിലും 2 തവണ ജനറൽ ഓറിയന്റേഷൻ ട്രെയിനിങ്ങും സംഘടിപ്പിച്ചു.<br><br>8. നവ സംരംഭകർക്ക് ധനകാര്യ സ്ഥാപനങ്ങൾ മുഖേന ബാങ്ക് വായ്പ നേടുന്നതിന് എല്ലാ പഞ്ചായത്തുകളിലും രണ്ടുതവണ ലോൺ ലൈസൻസ് സബ്സിഡി മേളയും നവകേരള സദസ്സിന്റെ ഭാഗമായി ചിറയിൻകീഴ് മണ്ഡല അടിസ്ഥാനത്തിൽ ഒരു തവണ ലോൺ ലൈസൻസ് സബ്സിഡി മേളയും നടത്തി.<br><br>9. 2022-23 സാമ്പത്തിക വർഷത്തിൽ സംരഭക വർഷത്തിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ Enterprise Development Executives മുഖേന വ്യവസായ വകുപ്പിന്റെ വിവിധ ആനുകൂല്യങ്ങൾ മണ്ഡലത്തിലെ എല്ലാ സംരംഭങ്ങളിലേക്കും എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ നടത്തി.<br><br>10. സംരംഭക വർഷത്തിന്റെ (2022-23) ഭാഗമായി ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ 1076 സംരംഭങ്ങളാണ് ആരംഭിച്ചത്. 2023-24 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പ് നിയമിച്ച Enterprise Development Executives മുഖേന പ്രസ്തുത 1076 സംരംഭങ്ങളിൽ നേരിട്ട് പോവുകയും അവയുടെ പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാര നിർദ്ദേശങ്ങൾ നൽകുവാനും സാധിച്ചു.<br><br>11. <u>മിഷൻ 1000 പദ്ധതി</u><br><br>ചിറയിൻകീഴ് നിയോജക മണ്ഡലത്തിൽ നിന്ന് 7 സംരംഭങ്ങളെ കണ്ടെത്തി രജിസ്റ്റർ ചെയ്തു. തിരുവനന്തപുരം ജില്ലയിൽ നിന്നും ആദ്യഘട്ടത്തിൽ തെരെഞ്ഞെടുത്ത ഏക യൂണിറ്റ് ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ കിഴുവിലം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന M/s. Mukthi Pharma ആണ്. |

സെക്ഷൻ ഓഫീസർ